**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2256** **16/08/2017-ൽ മറുപടിയ്ക്ക്**

## സഹകരണമേഖല അഴിമതി മുക്തമാക്കാനായി നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാജേഷ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.എസ്.ശർമ്മ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണമേഖലയെ അഴിമതി മുക്തമാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) | സഹകരണ വിജിലൻസ് വിഭാഗത്തെ കാര്യക്ഷമമാക്കുകയും നടപടികൾ വേഗത്തിലാക്കുകയും ചെയ്തിട്ടുണ്ട്. അഴിമതി ബോധ്യപ്പെട്ട സംഘങ്ങൾക്കെതിരെ അന്വേഷണം നടത്തുന്നുണ്ട്. ഗവൺമെന്റ് ഫലപ്രദമായ ഇടപെടലിനായി സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. |
| (ബി) | കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിൽ അഴിമതിയും ക്രമക്കേടും നടന്നതായുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ അഴിമതിയും ക്രമക്കേടും സംബന്ധിച്ച് മുൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം സഹകരണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള അഡീഷണൽ രജിസ്ട്രാർ/ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ അന്വേഷണവും നടന്നു വരുന്നു. |
| (സി) | സഹകരണവകുപ്പ് കൂടുതൽ ജനസൗഹൃദമാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇ-ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അതോടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും, പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുകയും ചെയ്യുന്നതാണ്. അദാലത്തുകൾ സംഘടിപ്പിച്ച് ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ